കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്

## 2018-2019

## ഓഡിറ്റ് റിപ്പോർട്ട്


ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം കെ.എസ്.എ.ടി.എസ്.ആർ(ബി.പി1)37/20

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020.
ഫോൺ നമ്പർ – 0487 2331249
തീയതി:04.05.20
e-mail: dotsr.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ 1-17,1-18,1-19 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള

പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ് :-</u>

1) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) അസി.ഡവലപ്പ്മെന്റ് കമ്മീഷണർ, തൃശ്ശൂർ
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(ബി.പി1) 37/20 തിയ്യതി: 04.05.20

# തൃശ്ശൂർ ജില്ലയിലെ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം – വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം – വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്തിന്റെ 01.01.2019 മുതൽ 4.12.2019 തിയ്യതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.3.19 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.രാജഗോപാലൻ സി<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.12.2019 മുതൽ<br>21.12.2019 വരെ |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

| | | |
|---|---|---|
| ശ്രീമതി.ലിസ്സി ടി ജെ | : | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| ശ്രീ.ശിവദാസൻ എ കെ | : | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ധന്യ എ സുരേന്ദ്രൻ | | ഓഡിറ്റർ |

**നിർവ്വഹണ അധികാരികൾ**

| പ്രസിഡന്റ് | കാലയളവ് |
|---|---|
| ശ്രീമതി.ഉമാദേവി ഐ.എസ് | 01.04.2018മുതൽ 31.03.2019വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| സെക്രട്ടറി | കാലയളവ് |
|---|---|
| ശ്രീമതി. സൂസമ്മ ഐസക് | 1.04.2018 മുതൽ 31.03.2019 വരെ |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സി.ഡി.പി.ഒ. | ശ്രീമതി.സുധ സി | 01.04.18 മുതൽ 31.08.18 വരെ |
| | ശ്രീമതി.സുധർമ്മിണി ജി(ചാർജ്ജ്) | 01.09.18 മുതൽ 31.03.2019 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., വെള്ളാനിക്കര | ഡോ.ജയന്തി കെ.എസ് | 01.04.2018മുതൽ 31.03.19വരെ |
| സീനിയർ വെറ്ററിനറി സർജൻ, വാണിയംപാറ | ഡോ.ഒ.ജി. സുരജ | 01.04.18 മുതൽ 31.03.19 വരെ |
| അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.വിനോദ്.കെ | 01.04.18മുതൽ 10.04.18വരെ |
| | ശ്രീമതി.ആനി കെ എസ് | 11.04.18മുതൽ 11.06.18 വരെ |
| | ശ്രീമതി.ദീപ്തി കെ | 12.06.18 മുതൽ 31.03.2019 വരെ |
| ക്ഷീരവികസന ഓഫീസർ | ശ്രീ.സീജോൺ ജോൺസൺ | 01.04.18 മുതൽ 31.03.19 വരെ |
| കൃഷി അസിസ്റ്റൻറ് ഡയറക്ടർ | ശ്രീമതി.ബീന മാത്യൂ | 01.04.18 മുതൽ 31.03.19 വരെ |
| പട്ടികജാതി വികസന ഓഫീസർ(ഗ്രേഡ് 1) | ശ്രീ.സുഗുണൻ സി.ബി | 01.04.18 മുതൽ 31.03.19വരെ |
| വ്യവസായ വികസന ഓഫീസർ, | ശ്രീ.കെ.ബി.രാജൻ | 01.04.18 മുതൽ 23.09.18വരെ |
| | ശ്രീ.ബിന്നി മോൻ വി സി | 24.09.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | പ്രഗിത | 01.04.18 മുതൽ 19.06.18 FN വരെ |
| | രതീഷ് എം ജെ | 19.06.18 AN മുതൽ 31.03.19 വരെ |

## ഉള്ളടക്കം



| ക്രമ നമ്പർ | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | വാർഷിക കണക്ക് – അപാകതകൾ | 1-10 |
| 11 | കരാർ കാലാവധി കഴിഞ്ഞും വാടകക്കരാർ പുതുക്കിയിട്ടില്ല. | 1-11 |
| 12 | സംയുക്തപ്രോജക്കുകൾ-വിനിയോഗവിവരം ലഭ്യമാക്കിയില്ല | 1-12 |
| 13 | CDPO നിർവ്വഹിച്ച പദ്ധതികളിലൂടെ വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ്. | 1-13 |
| 14 | ഇ-ടെണ്ടർ ഫീസ് വരവ് വന്നിട്ടില്ല | 1-14 |
| 15 | സെക്രട്ടറി നടപ്പിലാക്കിയ താഴെ ചേർക്കുന്ന പ്രോജക്കുകളിൽ കൈപ്പറ്റ് രസീതി, യു.സി എന്നിവ ഇല്ലാത്തവയുടെ വിവരം താഴെ ചേർക്കുന്നു. ഇവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. | 1-15 |
| 16 | 2018-19 വർഷം ജല സുരക്ഷ മാതൃകാ വാർഡുകൾ എന്ന പ്രോജക്ട് ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ട്. ഈ പ്രോജക്ടുമായി ബന്ധപ്പെട്ട പ്രധാന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു. | 1-16 |
| 17 | നൂതന പഠന പ്രോജക്ട് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. | 1-17 |
| 18 | കേന്ദ്രവിഹിതം ലഭിക്കാത്ത ഭവന നിർമ്മാണ ഗുണഭോക്താക്കൾക്ക് തത്തുല്യമായ പ്ലാൻ വിഹിതം അനുവദിച്ചത്. സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. | 1-18 |
| 19 | ഗുണഭോക്തൃ വിഹിതം ചെലവഴിക്കാതെ ബാക്കി നിൽക്കുന്നത്. | 1-19 |
| 20 | വെള്ളാനിക്കര കുടിവെള്ള പദ്ധതി എന്ന പ്രോജക്ടിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-20 |
| 21 | ശ്മശാന നിർമ്മാണം . പുത്തൂർ പഞ്ചായത്തിന് നൽകിയ 20 ലക്ഷം രൂപയുടെ ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-21 |

| | | |
|---|---|---|
| 22 | മരുന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | 1-22 |
| 23 | പാലിയേറ്റീവ് കെയറിനായി പഞ്ചായത്തുകൾക്ക് കൈമാറിയ ബ്ലോക്ക് വിഹിതത്തിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | 1-23 |
| 24 | എസ്.സി.ഡി.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിദ്യാർത്ഥിനികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് എന്ന പ്രോജക്ടിലെ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു. | 1-24 |
| 25 | എസ്.സി.ഡി.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പഠനമുറി പ്രോജക്ടിലെ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു. | 1-25 |
| | ഭാഗം 2 | |
| | ഇല്ല | |
| | ഭാഗം 3 | |
| 26 | സബ്ഡിഡി മാർഗ്ഗ രേഖ ലംഘിച്ച് അധികം നൽകിയ തുക 5000 രൂപയുടെ ചെലവ് നടപടി ഓഡിറ്റിൽ നിരാകരിക്കുന്നു. | 3-1 |
| | ഭാഗം 4 | |
| 27 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 28 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച് | 4-3 |
| 30 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 31 | സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച് | 4-5 |
| 32 | ഓഡിറ്റ് റിക്കവറി | 4-6 |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 34 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 37 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം – 1 |
| 38 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം – 2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് 27.3.2018 തീയതിയിലെ 139-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു.

പ്രതീക്ഷിത വരവ് – 140986000

പ്രതീക്ഷിത ചെലവ് – 140568000

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 24.05.2019 | -- | -- |

# 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 03.09.2019 | കെ.എസ്.എ.ടി.എസ്.ആർ (ബി.പി.1)1310/19 തിയതി 17.09.2019 |

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 12233992 |
| വരവ് | 72000153 |
| ആകെ | 84234145 |
| ചെലവ് | 70480922 |
| നീക്കിയിരിപ്പ് | 13753223 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 44711000 | 44711000 | 38835132 | 5875868 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 11028000 | 11028000 | 9446133 | 1581867 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 1485000 | 1485000 | 1485000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 5294000 | 5294000 | 5120055 | 173945 |
| ബി ഫണ്ട് | | | | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 444460 | 237524 | 681984 | 91928 | 590056 |
| | ട്രഷറി അക്കൗണ്ട്(GPG) | 481377 | 10514111 | 10995488 | 4629269 | 6366219 |
| കാനറ ബാങ്ക് മിസ്സലേനിയസ് | | 0 | 861759 | 861759 | 0 | 861759 |
| കാനറ ബാങ്ക് SIG & SHG | | 666 | 24 | 690 | 0 | 690 |
| IDBI-TSC | | 814292 | 18173 | 832465 | 785908 | 46557 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 117 | 94954350 | 66 | 56897554 | 35 | 16 | 56.4 |

പൂർത്തിയാക്കാതെ ഉപേക്ഷിച്ച പദ്ധതികളുടെ പേര്

| ക്രമ നം. | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | സ്പിൽ ഓവർ/ പുതിയത് | അടങ്കൽ |
|---|---|---|---|---|
| 3 | 8 | 2018-19 ആൽപ്പാറ ലിഫ്റ്റ് ഇറിഗേഷൻ | പുതിയത് | 464011 |
| 14 | 44 | ശുഭാപ്തി പദ്ധതിക്ക് വിഹിതം നൽകൽ | പുതിയത് | 100000 |
| 15 | 49 | കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർ | പുതിയത് | 180000 |
| 16 | 51 | മുതിർന്നവരുടെ കമ്മ്യൂണിറ്റി കം ഡേ കെയർ സെന്റർ കെയർ ടേക്കർക്കുള്ള ഹോണറേറിയം | പുതിയത് | 50000 |
| 17 | 53 | വനിത ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ പദ്ധതികൾ | പുതിയത് | 937600 |
| 18 | 64 | ക്ളീൻ ആർമിക്ക് വയബിലിറ്റി | പുതിയത് | 70000 |

| | | | | |
|---|---|---|---|---|
| | | ഗ്യാപ് ഫണ്ട് | | |
| 19 | 78 | ലൈഫ് മിഷൻ വിവിധ വകുപ്പുകളുടെ പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം | സ്പിൽ ഓവർ | 4000000 |
| 21 | 112 | ഗെയിംസ് ഫെസ്റ്റിവൽ | പുതിയത് | 90000 |
| 23 | 128 | കമ്മ്യൂണിറ്റി കം ഡേ കെയർ സെന്ററിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ | പുതിയത് | 428813 |

# 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.12.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ സ്ഥാപനത്തിന് അന്നേ ദിവസം വരവില്ലെന്നും ക്യാഷ് ബാലൻസ് ഇല്ലെന്നും ബോധ്യപ്പെട്ടു.

# 1-8 ആഭ്യന്തരനിയന്ത്രണം

.1.വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കുന്നില്ല.

പ്രോജക്ട് നിർവ്വഹണം ആരംഭിച്ച് കഴിഞ്ഞാൽ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കേണ്ടതും പ്രവൃത്തിയുടെ ഓരോ ഘട്ടവും വിലയിരുത്തി ഭരണ സമിതിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും റിപ്പോർട്ട് നൽകേണ്ടതുമാണ്. സ്റ്റാന്റിങ്ങ്കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം തുടർച്ചയായി വിലയിരുത്തി ആവശ്യമായ ഇടപെടൽ നടത്തി നിർവ്വഹണ കലണ്ടർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കുന്ന എന്ന് ഉറപ്പാക്കേണ്ടതുമാണ്.

2.വരവിനങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല.

3.പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ഓരോ മേഖലകളിലെ അവസ്ഥാവിശകലനം നടത്തി തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

# 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.06.2019 | 2018-19 | 13.08.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.10.2018 | 2013-14 മുതൽ 2017-18 വരെ | 16.11.2018 |

# 1-10 വാർഷികകണക്കുകളിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള

പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2. ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

2.1 വാടക ഡിമാന്റ് രജിസ്റ്റർ

3. താഴെ ചേർക്കുന്ന അക്രൂവൽ അല്ലാത്ത വരവിനങ്ങളിൽ രജിസ്റ്ററുകൾ തയ്യാറാക്കി ഡിമാന്റ് കളക്ഷൻ ബാലൻസ് എന്നിങ്ങനെ വർഷാന്ത്യ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.

3.1 ടെണ്ടർ ഫോറം വിൽപ്പന രജിസ്റ്റർ

3.2 ലേലം രജിസ്റ്റർ

4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

5. വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1519231/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1319925/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

6. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B7 പ്രകാരം താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് ഇനങ്ങളിൽ ബാലൻസ് ഉണ്ട്. എന്നാൽ വരവു ചെലവുകൾ, ബാലൻസ് എന്നിവ രേഖപ്പെടുത്തുന്നതിനായി പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

a) Bidder EMD - ₹100/-

b) Contractors retention - ₹ 1,52,067/-

c) Auction Deposit - ₹ 3,700/-

7. 31/03/2018-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം "Capital contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/03/2019-ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസന ഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം "Capital contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income and expenditure account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക

കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ. തീയതി.26/07/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾക്ക് വിരുദ്ധമാണ്.

8. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/03/19 വരെ പാർട്ട് ബിൽ നൽകിയതും എന്നാൽ 31/3/2019ൽ പണി പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 5033845/- രൂപയാണ്. എന്നാൽ 31/03/2019-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം capital work in progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 3041172/- രൂപയാണ്.

# 1-11 കരാർ കാലാവധി കഴിഞ്ഞും വാടകക്കരാർ പുതുക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ 147/1,17/360 A&B എന്നീ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഐശ്വര്യ വനിത കാന്റീൻ, മരത്താക്കര ഇളനീർ വിപണന കേന്ദ്രം എന്നിവയുടെ വാടകക്കരാർ കാലാവധി യഥാക്രമം 31.12.2018,17.01.2019 തിയതികളിൽ അവസാനിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ കരാർ പുതുക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (എൻക്വയറി നം.6/16.12.2019) വനിത കാന്റീനിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി കാന്റീൻ നിർത്തിവയ്ക്കേണ്ടി വന്നതിനാലാണ് കരാർ പുതുക്കാതിരുന്നതെന്നും മരത്താക്കര ഇളനീർ വിപണന കേന്ദ്രത്തിന്റെ കരാർ പുതുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. രണ്ട് സ്ഥാപനങ്ങളുടേയും വാടകക്കരാർ പുതുക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-12 സംയുക്തപ്രൊജക്ടുകളുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് സംയുക്ത പദ്ധതികൾക്കായി താഴെപ്പറയും വിധം തുക അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിനിയോഗവിവരവും പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

| പ്രോജക്റ്റ് നം/പേര് | തുക/തുക കൈപ്പറ്റിയ സ്ഥാപനം | ട്രഷറി ബിൽനം/ ചെക്ക് നം/ തിയതി |
|---|---|---|
| 69/19, പുത്തൂർ 105-ാം നമ്പർ അങ്കണവാടിക്ക് കെട്ടിടം | 10,00,000 പുത്തൂർ ഗ്രാമപഞ്ചായത്ത് | 21/18-19, 29-10-18 |
| 74/19, ശങ്കരംകുളം സംരക്ഷണം | 5,00,000 മാടക്കത്തറ ഗ്രാമപഞ്ചായത്ത് | 22/18-19,29-10-18 |
| 74/19, ശങ്കരംകുളം സംരക്ഷണം | 2,00,000 മാടക്കത്തറ ഗ്രാമപഞ്ചായത്ത് | 2004679,12-11-18 |
| 123/19 നടത്തറ 135-ാം നമ്പർ അങ്കണവാടികെട്ടിടം | 10,00,000 നടത്തറ ഗ്രാമപഞ്ചായത്ത് | 32/18-19,14-01-19 |
| 125/19 നടത്തറ ഞാറക്കുറ പാടശേഖരത്തിലെ ചാൽ കെട്ടി | 12,30,000 നടത്തറ | 20/18-19,17-10-18 |

| | | |
|---|---|---|
| സംരക്ഷണം | ഗ്രാമപഞ്ചായത്ത് | |
| ആകെ | 39,30,000/- | |

# 1-13 CDPO നിർവ്വഹിച്ച പദ്ധതികളുടെ വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ്.

സി.ഡി.പി.ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സംയുക്ത പദ്ധതികൾക്ക് വിഹിതം നൽകിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം/പേര് | ചെലവ് | ധനവിനിയോഗ സാക്ഷ്യപ്പത്രം ലഭിക്കാനുള്ള തുക | ബിൽ നമ്പർ/ തിയതി | പഞ്ചായത്തിന്റെ പേര് |
|---|---|---|---|---|---|
| 1 | SO 055/19-പകൽ വീടിന് വിഹിതം നൽകൽ | 400000 | 400000 | 2/18-19,30.07.2018 | മാടക്കത്തറ |
| 2 | SO 127/19-ഭിന്നശേഷിക്കാർക്കുള്ള വാഹനം വിഹിതം നൽകൽ | 300000 | 300000 | 3/18-19,15.10.18 | പുത്തൂർ |
| 3 | SO 139/19-അംഗണവാടി അനുപൂരക പോഷകാഹാര പരിപാടി,വിഹിതം നൽകൽ | 300000 | 300000 | 4/18-19,5/18-19,6/18-19,7/18-19 തിയതി.19.03.19 | നടത്തറ |
| 4 | SO 054/19-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് വിഹിതം നൽകൽ | 975000 | 275000 | 1/18-19,29.06.18 | നടത്തറ |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(5/16.12.2019) നൽകിയതിനു മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയോടൊപ്പം ഭിന്നശേഷിക്കാർക്കുള്ള വാഹനം വിഹിതം നൽകൽ പദ്ധതി 2019-20 വർഷത്തിൽ സ്പിൽ ഓവറായി തുടരുന്നുണ്ടെന്നുള്ള പുത്തൂർ ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള കത്ത് ലഭ്യമാക്കിയിട്ടുണ്ട്. ടി പദ്ധതി പൂർത്തീകരിക്കുന്നമുറയ്ക്കും പൂർത്തീകരിച്ച മറ്റു പദ്ധതികളുടേയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-14 ഇ-ടെണ്ടർ ഫീസ് വരവ് വന്നിട്ടില്ല

2018-19 വർഷം ഇ-ടെണ്ടറുകൾ വഴി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കേണ്ട 93733/-രൂപ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിൽ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-15 സെക്രട്ടറി നടപ്പിലാക്കിയ താഴെ ചേർക്കുന്ന

**പ്രോജക്ടുകളിൽ കൈപ്പറ്റ് രസീതി, യു.സി എന്നിവ ഇല്ലാത്തവയുടെ വിവരം താഴെ ചേർക്കുന്നു. ഇവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.**

| ക്രമ നം. | പ്രോജ.നം. | പ്രോജക്ടിന്റെ പേര്/ തുക കൈമാറിയ ഏജൻസി | തുക | ബിൽ നം.തിയ്യതി | യു.സി |
|---|---|---|---|---|---|
| 1 | 43/19 | സുശാന്തം വിഹിതം (സുശാന്തം സൊസൈറ്റി ഫോർ കെയർ ആന്റ് കംപാഷൻ) | 100000 | 13/18-19 dt.23/05/2018 | ഇല്ല |
| 2 | 47/19 | ഗ്രാമപഞ്ചായത്തുകൾക്ക് കളിസ്ഥലം വിഹിതം നടത്തറ പഞ്ചായത്ത് | 1000000 | 12/18-19 dt.30/06/18 | 792922 രൂപ ചെലവഴിച്ചതായി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. |
| 3 | 47/19 | ഗ്രാമ പഞ്ചായത്തുകൾക്ക് കളിസ്ഥലം വിഹിതം പുത്തൂർ പഞ്ചായത്ത് | 1000000 | 27/18-19 dt. 14.01.19 | ഇല്ല |
| 4 | 48/19 | ട്രൈബൽ സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനം. പാണഞ്ചേരി ഗ്രാമപഞ്ചായത്ത് | 385000 | 09/18-19 dt.27/06/18 | ഇല്ല |
| 5 | 57/19 | ലൈഫ് മിഷൻ വിഹിതം നൽകൽ.sc മാടക്കത്തറ | 210000 | 35/18-19 dt.21/01/19 | |
| 6 | 59/19 | ലൈഫ് മിഷൻ വിഹിതം നൽകൽ.ജനറൽ മാടക്കത്തറ | 893500 | 14/18-19 dt.30/07/18 G.3893500 | മാടക്കത്തറ പഞ്ചായത്ത് 3500 രൂപയുടെ യു.സി നൽകാനുണ്ട്. |
| 7 | 62/19 | ഐ.കെ.എം വിഹിതം നൽകൽ(ഡയറക്ടർ ഐ.കെ.എം) | 50000 | 8/18-19 dt.27/06/18 | ഇല്ല |

**1-16 2018-19 വർഷം ജല സുരക്ഷ മാതൃകാ വാർഡുകൾ എന്ന പ്രോജക്ട് ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ട്. ഈ**

# പ്രോജക്ടുമായി ബന്ധപ്പെട്ട പ്രധാന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നമ്പർ. S0133/19

ബിൽ നമ്പർ. 41/18-19 തുക 90000 തിയ്യതി. 12/03/2019

ബിൽ നമ്പർ. 43/18-19 തുക.90000 തിയ്യതി. 16/03/19

ബിൽ നമ്പർ 50/18-19 തുക.90000 തിയ്യതി. 16/03/2019

നിർവ്വഹണോദ്യോഗസ്ഥൻ. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി.

ഈ പ്രോജക്റ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി കോസ്റ്റ് ഫോർഡുമായി ചേർന്ന് 1470/2018-19 / 27/02/2019 പ്രകാരം കരാർ ഒപ്പു വെച്ചിട്ടുണ്ട്. ആയതു പ്രകാരം കോസ്റ്റ്ഫോർഡ് അഞ്ചു ഘട്ടങ്ങളിലായി പദ്ധതി നടപ്പിലാക്കും. ആദ്യനാലു ഘട്ടങ്ങളിൽ മൊത്തം ചിലവിന്റെ 20% വീതവും അവസാന ഘട്ടത്തിൽ 10 % തുകയും കോസ്റ്റ് ഫോർഡിന് കൈമാറണം. പ്രോജക്ടിനായി മാടക്കത്തറ ഗ്രാമപഞ്ചായത്തിലെ 195 വീടുകളോടു ചേർന്നുള്ള കിണറുകളാണ് റീചാർജ്ജ് ചെയ്യാനായി ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതി അടങ്കൽ ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവിടുന്നത് 200000 രൂപയും , വികസനഫണ്ട് 1600000 രൂപയുമാണ്.

1.സ.ഉ(കൈ) നം. 22/2018 /തസ്വഭവ തിയ്യതി. 14.02.2018 ഖണ്ഡിക 6.5.3 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിൽ പരന്ന മേൽക്കൂരക്ക് പരമാവധി 8000 രൂപയും, ചെരിവുള്ള മേൽക്കൂരക്ക് പരമാവധി സബ്സിഡി 8600 രൂപയുമാണ്. എന്നാൽ കോസ്റ്റ് ഫോർഡ് കണക്കാക്കിയിരിക്കുന്നത് എഗ്രിമെന്റ് പ്രകാരം 8800, 9270 രൂപ നിരക്കിലാണ്. അധിക നിരക്ക് നൽകിയ നടപടി നിലവിൽ നിയമവിരുദ്ധമായി ഓഡിറ്റിൽ വിലയിരുത്തുന്നു.

2.കോസ്റ്റ് ഫോർഡുമായി ചേർന്ന് ചമച്ച കരാർ പ്രകാരം (ഖണ്ഡിക 11) പദ്ധതി പൂർത്തിയാക്കേണ്ട കാലയളവ് ഒരു മാസമാണ്. എന്നാൽ പദ്ധതി 2019-20 വർഷത്തിൽ ഈ റിപ്പോർട്ട് തിയ്യതി വരേയും പ്രവർത്തി പൂർത്തീകരിച്ചതായി കാണുന്നില്ല.

3. പദ്ധതിയുടെ ഗുണഭോക്തൃ തിരഞ്ഞെടുപ്പ് ഏത് വിധേനയാണ് നടത്തിയത് എന്ന് വ്യക്തമല്ല. ആരാണ് ഗുണഭോക്താക്കൾ എന്നോ ഗുണഭോക്താക്കളെ ടി പദ്ധതി നടപ്പിലാക്കിയ മാടക്കത്തറ പഞ്ചായത്തിലെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട് എന്നോ നിലവിൽ രേഖയില്ല.

4. കോസ്റ്റ് ഫോർഡ് എസ്റ്റിമേറ്റ് പ്രകാരം പദ്ധതിയുടെ ധനകാര്യ വിശകലനം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | സബ്സിഡി | ഗുണഭോക്തൃവിഹിതം | ആകെ |
|---|---|---|---|---|
| 1 | ഫ്ലാറ്റ് റൂഫ് | 7816 | 984 | 8800 |
| 2 | സ്ലോപ്പ് റൂഫ് | 8280 | 990 | 9270 |

എന്നാൽ മേൽക്കാണിച്ച നിരക്കിലല്ല കോസ്റ്റ് ഫോർഡുമായി ഏർപ്പെട്ട കരാറിലെ അടങ്കൽ 1760000 രൂപ കണക്കാക്കിയിട്ടുള്ളത്. അടങ്കൽ കണക്കാക്കിയ വിധം താഴെ ചേർക്കുന്നു.

| ക്രമ | ഇനം | എണ്ണം | സബ്സിഡി | ഗുണഭോക്തൃവിഹിതം | ആകെ |
|---|---|---|---|---|---|

| നം. | | | | | |
|---|---|---|---|---|---|
| 1 | ഫ്ലാറ്റ് റൂഫ് | 105 | 8800 | ഇല്ല | 924000 |
| 2 | സ്ലോപ്പ് റൂഫ് | 90 | 9270 | 990 | 834000 |
| | ആകെ | | | | 1758300 |
| | അൺ ഫൊർസീൻ | | | | 1700 |
| | മൊത്തം | | | | 1760000 |

.

ഈ പ്രവർത്തി വ്യക്തിഗത പ്രോജക്ടായാണ് വിഭാവനം ചെയ്തിട്ടുള്ളത്. അതായത് എസ്.സി.എസ്.ടി ഭാഗങ്ങൾക്ക് 100% സബ്സിഡിയും ജനറൽ വിഭാഗങ്ങൾക്ക് 90% സബ്സിഡിയും വാല്യുവേഷന്റെ അടിസ്ഥാനത്തിലാണ് നൽകേണ്ടത്. ഇതിൽ ഗുണഭോക്തൃവിഹിതം ഉൾപ്പെടുന്നില്ല എന്ന് കാണാം.ഇവിടെ പ്രവർത്തി ബ്ലോക്ക് പഞ്ചായത്തിന്റെ ഒരു സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരും വാല്യു ചെയ്തിട്ടില്ല. കോസ്റ്റ് ഫോർഡ് നടത്തിയ മെഷർമെന്റ് ഹാജരാക്കിയിട്ടുമില്ല.വാല്യുവേഷൻ നടത്താതെ ഗുണഭോക്തൃവിഹിതം എത്ര ചെലവഴിച്ചു എന്ന് ഉറപ്പാക്കാനാകില്ല.എത്ര എണ്ണം ഫ്ലാറ്റ്, എത്ര എണ്ണം സ്ലോപ്പ് മേൽക്കൂരകൾ ഉപയോഗപ്പെടുത്തി എന്നും വ്യക്തമല്ല. ഗുണഭോക്താക്കളിൽ എത്ര എസ്.സി, എസ്.ടി വിഭാഗക്കാർ ഉൾപ്പെട്ടിട്ടുണ്ട് എന്നും കണക്കാക്കാനായിട്ടില്ല. കോസ്റ്റ് ഫോർഡ് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് മാത്രമാണ് നൽകികാണുന്നത്.

മേൽക്കാരണങ്ങളാൽ ഈ പദ്ധതിക്കായി ഓഡിറ്റ് വർഷത്തിൽ ചെലവഴിച്ച 270000 രൂപയുടെ ചെലവ് നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-17 നൂതന പഠന പ്രോജക്ട് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

പ്രോജക്ടിന്റെ പേര് : വന്യമൃഗ-മനുഷ്യസംഘട്ടനം ഒരു പഠന പ്രോജക്ട്

ബിൽ നമ്പർ. 24/2018-19 തിയ്യതി. 27/11/2019

തുക. 300000/-രൂപ

ഈ പ്രോജക്ടിന്റെ ഭാഗമായി മൂന്നു ലക്ഷം രൂപ സ്പെഷ്യൽ ഓഫീസർ. അക്കാദമി ഓഫ് ക്ലൈമറ്റ് ചേഞ്ച് എഡ്യുക്കേഷൻ ആന്റ് റിസർച്ച് , കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി എന്ന വിലാസത്തിൽ കൈമാറുകയും പ്രസ്തുത സ്ഥാപനം 2018 ജനുവരി മുതൽ 2019 മാർച്ച് വരെ പഠനം നടത്തുകയും ചെയ്തിട്ടുണ്ട്. സ്ഥാപനം 299500 രൂപയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് 16/08/2019 ൽ കൈമാറുകയും ചെയ്തിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് അക്കാദമി ഫോർ ക്ലൈമറ്റ് ചേഞ്ച് എഡ്യുക്കേഷൻ ആന്റ് റിസേർച്ച് ബ്ലോക്ക് പഞ്ചായത്തിന് ഒരു പഠനറിപ്പോർട്ട് കൈമാറിയിട്ടുണ്ട്. ഇതു പ്രകാരം പീച്ചി ഫോറസ്റ്റ് റേഞ്ചിലെ മാന്ദാമംഗലം സെക്ഷനിലെ മണിയൻ പാറ എന്ന സ്ഥലത്ത് രണ്ടിടങ്ങളിലായി 100

മീറ്റർ, 400 മീറ്റർ വീതിയിലായി വൈൽഡ് ലൈഫ് ഡിറ്ററന്റ് ഡിവൈസ് സ്ഥാപിച്ചിട്ടുണ്ട്. ഈ പ്രോജക്ടുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1.ഈ പ്രോജക്ടിന് ഡി.പി.സി അംഗീകാരം കിട്ടിയിട്ടുണ്ട്. എന്നാൽ ഒരു ഇന്നവേറ്റീവ് പ്രോജക്ട് എന്ന നിലയിൽ ഉള്ള നടപടിക്രമങ്ങൾ പാലിച്ചാണോ അംഗീകാരം നൽകിയത് എന്ന് വ്യക്തമല്ല.

2. പ്രോജക്ട് റിപ്പോർട്ട് ഭരണ സമിതി ചർച്ച ചെയ്ത് അംഗീകരിച്ചിട്ടില്ല.

3. പ്രോജക്ട് റിപ്പോർട്ടിൽത്തന്നെ പ്രോജക്ടിന്റെ ഫീഡ് ബാക്ക് എടുക്കേണ്ടതിനെക്കുറിച്ച് പരാമർശമുണ്ട്. ഇത്തരമൊരു പ്രവർത്തനം നടന്നതായി നിലവിൽ രേഖപ്പെടുത്തലുകളൊന്നുമില്ല.

ബ്ലോക്ക് പഞ്ചായത്ത് നടത്തിയ പഠനം തുടർന്നു കൊണ്ടു പോകേണ്ട ബാധ്യത സ്ഥാപനത്തിൽ നിക്ഷിപ്തമാണ്. തുടർപ്രവർത്തനങ്ങൾക്കായി ഭരണ സമിതി ഏതെങ്കിലും ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥന് ചാർജ് നൽകേണ്ടതും രേഖാമൂലം ലഭ്യമായ ഫീഡ് ബാക്കിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത റിപ്പോർട്ട് ഭരണസമിതി ചർച്ച ചെയ്യേണ്ടതും ആയതിന്റെ വിശദാംശങ്ങൾ കോ-ഓർഡിനേഷൻ കമ്മിറ്റിയുടേയോ, സർക്കാരിന്റേയോ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുമാണ്.

# 1-18 കേന്ദ്രവിഹിതം ലഭിക്കാത്ത ഭവന നിർമ്മാണ ഗുണഭോക്താക്കൾക്ക് തത്തുല്യമായ പ്ലാൻ വിഹിതം അനുവദിച്ചത്. സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ. 135/19

ബിൽ നമ്പർ. 48/18-19 dt. 16/03/2019 തുക. 156375

ബിൽ നമ്പർ.47/18-19 dt.16/03/2019 തുക. 11041

ആകെ ചിലവ് . 167416

2010-11 മുതൽ 2014-15 വരെ ഐ.എ.വൈ കേന്ദ്രവിഹിതം ലഭിക്കാത്തവർക്ക് 167416 രൂപ പ്ലാൻ വിഹിതം കണക്കാക്കി പ്രോജക്ട് തയ്യാറാക്കുകയും മേൽ തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഭരണസമിതിയുടെ 12/04/2019 തിയ്യതിയിലെ 4/2 നമ്പർ തീരുമാനപ്രകാരം കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ സാധൂകരണത്തിനായി അയച്ചിട്ടുണ്ട്. എന്നാൽ ഏത് സാഹചര്യത്തിലാണ് കേന്ദ്ര വിഹിതം ചെലവിടാനാകാത്തത് എന്ന കാര്യത്തിൽ വ്യക്തത വരുത്തിയതായി കാണുന്നില്ല. സർക്കാർ സാധൂകരണം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 1-19 ഗുണഭോക്തൃ വിഹിതം പൂർണ്ണമായും ചെലവഴിച്ചിട്ടില്ല.

ഇരവി മംഗലം ക്ഷേത്രം പടിഞ്ഞാറേപ്പടി ലിഫ്റ്റ് ഇറിഗേഷൻ

പ്രോജക്ട് നമ്പർ.79/19
നിരവ്വഹണ ഉദ്യോഗസ്ഥൻ – അസി.എക്സി. എഞ്ചിനീയർ

പദ്ധതി അടങ്കൽ പതിനെട്ടുലക്ഷം രൂപയിൽ 1620000 രൂപ വികസനഫണ്ടും, 180000 രൂപ ഗുണഭോക്തൃവിഹിതവുമാണ്. ഗുണഭോക്തൃവിഹിതം 180000 രൂപ രശീതി 4065069 തിയ്യതി 31/10/17 പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ വരവു വന്നിട്ടുണ്ട്. ആകെ പ്രവർത്തി മൂല്യം 1690626 രൂപയായിരുന്നു. ഇതിൽ 70626 രൂപ ഗുണഭോക്തൃവിഹിതമിനത്തിൽ നിന്നും ബാക്കി 1620000 രൂപ വികസനഫണ്ടിനത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.പദ്ധതി പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ 11.11% ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ആകെ 4.17% ഗുണഭോക്തൃ വിഹിതം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. നിലവിൽ ഗുണഭോക്തൃവിഹിതം വരവു വന്നതിൽ 109374 രൂപ ചെലവഴിക്കാതെ ബാക്കി നിൽപ്പുണ്ട്.

ഗുണഭോക്താക്കളിൽ നിന്ന് ശേഖരിക്കുകയും എന്നാൽ പ്രോജക്ടിൽ ഈ തുക ആനുപാതികമായി ചെലവഴിക്കുകയും ചെയ്യാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണോദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ ബാക്കി നിൽക്കുന്ന തുക ഈ പ്രവർത്തിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി ഉടനെ ചെലവിടുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രവർത്തിയിൽ പ്ലാൻ ഫണ്ട് അധികം ചെലവു വന്നിട്ടുണ്ട്. ഇത്തരത്തിൽ ധനകാര്യവിശകലനത്തിൽ നിന്നും വ്യതിചലിക്കാതെ പദ്ധതി നിർവ്വഹണം നടത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. കൈയ്യിൽ നില്പുള്ള അധിക തുക ഒന്നുകിൽ പ്ലാൻ ഹെഡിലേക്ക് തിരികെ അടക്കുകയോ, അല്ലാത്ത പക്ഷം ടി പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കായി താമസംവിനാ വിനിയോഗിക്കുകയോ ചെയ്യേണ്ടതാണ്.

# 1-20 വെള്ളാനിക്കര കുടിവെള്ള പദ്ധതി എന്ന പ്രോജക്ടിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ

1.മണ്ണിന്റെ വിനിയോഗ വിവരം എം ബുക്കിൽ ചേർത്തിട്ടില്ല.

അസി.എക്സിക്യുട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ *വെള്ളാനിക്കര കുടിവെള്ള പദ്ധതി എന്ന പ്രോജക്ടിൽ* താഴെ ചേർക്കും പ്രകാരം മണ്ണ് കുഴിച്ചെടുക്കുന്ന പ്രവർത്തികൾ നടത്തിയിട്ടുണ്ട്.

പ്രോജക്ട് നമ്പർ. 80/19

എഗ്രിമെന്റ് നമ്പർ. 43/ae/lsgd/ olk/17-18

എഗ്രീഡ് പി.എ.സി. 2423054

എം ബുക്കുകളുടെ നമ്പർ

104/18-19

62/17-18

69/17-18

ഈ പ്രവർത്തികളിൽ ഐറ്റം.1.02, ഐറ്റം 1.03, ഐറ്റം 2.01 എന്നീയിനങ്ങളിൽ മണ്ണ് കുഴിച്ചെടുക്കുന്ന പ്രവർത്തി താഴെ ചേർക്കും പ്രകാരം നടത്തിയിട്ടുണ്ട്.

ഐറ്റം-1- 59.40$m^3$

ഐറ്റം-2-55.61$m^3$

ഐറ്റം-3-30.720$m^3$

ഈ മൂന്നിനങ്ങളിലും കുഴിച്ചെടുത്ത മണ്ണിന്റെ ഡിസ്പോസൽ നിലവിൽ മെഷർമെന്റ് ബുക്കിൽ എവിടേയും ചേർത്തിട്ടില്ല. മണ്ണിന്റെ വിനിയോഗം സംബന്ധിച്ച ഓഡിറ്റ് അന്വോഷണത്തിന് (ഓഡിറ്റ് അന്വേഷണം.5) നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രവർത്തിയുടെ ഭാഗമായുള്ള ട്രഞ്ചുകളിൽ നിറയ്ക്കാനായി മണ്ണ് ഉപയോഗിച്ചുവെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഈ വിനിയോഗം എം ബുക്കിൽ ചേർക്കാതിരുന്നത് ക്രമപ്രകാരമുള്ള നടപടിയല്ല. തുടർ പ്രവർത്തനങ്ങളിലെ ഇത്തരം ഇനങ്ങളിൽ മണ്ണിന്റെ ഡിസ്പോസൽ രേഖാമൂലം വ്യക്തമാക്കുന്ന തരത്തിൽ ജാഗ്രത പുലർത്തണമെന്ന് ഓഡിറ്റിൽ അഭിപ്രായപ്പെടുന്നു.

2.ഗുണഭോക്തൃ വിഹിതം വക മാറ്റിയത്. ഭരണ സമിതി തീരുമാനം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് വർഷത്തിൽ വെള്ളാനിക്കര കുടിവെള്ള പദ്ധതി എന്ന പ്രോജക്ടിനായി താഴെ ചേർക്കും പ്രകാരം പദ്ധതി രൂപീകരിച്ചു.

വികസന ഫണ്ട്- 2332724

ഗുണഭോക്തൃവിഹിതം- 100000

തനത് ഫണ്ട്- 51203

ആകെ- 2483747

ഇതിൽ ഗുണഭോക്തൃ വിഹിതമിനത്തിൽ 50000 രൂപ 05/02/18 ൽ രസീതി നമ്പർ c4065112 പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ ഗുണഭോക്തൃ സമിതി അടച്ചിട്ടുണ്ട്. ബാക്കി 50000 രൂപ കിഴക്കെ വെള്ളാനിക്കര കുടിവെള്ള പദ്ധതി എന്ന നടപ്പിലാക്കാതെ പോയ പ്രോജക്ടിന്റെ കുടിവെള്ള പദ്ധതിയുടെ ഗുണഭോക്തൃവിഹിതമെടുത്ത് ( 23/07/2015 രസീത് നമ്പർ. 320800101)ഈ പ്രോജക്ടിലേക്ക് വക മാറ്റിയിട്ടുണ്ട്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണോദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ രണ്ടു പ്രോജക്ടുകളിലും ഒരേ ഗുണഭോക്താക്കൾ തന്നെയാണ് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് ഭരണസമിതി തീരുമാനമെടുത്തു കാണുന്നില്ല. മേൽ പ്രവർത്തി സാധൂകരിച്ചു കൊണ്ടുള്ള ഭരണസമിതി തീരുമാനം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം നമ്പർ.9)

# 1-21 ശ്മശാന നിർമ്മാണം . പുത്തൂർ പഞ്ചായത്തിന് നൽകിയ 20 ലക്ഷം രൂപയുടെ

# ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ.126/19

bill no. 4/18-19 dt. 22/10/2018

തുക. 2000000

നിർവ്വഹണോദ്യോഗസ്ഥൻ. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ

ഈ പ്രോജക്ടിന്റെ ഭാഗമായി പുത്തൂർ ഗ്രാമപഞ്ചായത്ത് ആകെ 5400000 രൂപയുടെ പ്രോജക്ട് രൂപകൽപ്പന ചെയ്യുകയും ബ്ലോക്ക് വിഹിതമായി അതിൽ 2000000 രൂപ പുത്തൂർ പഞ്ചായത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുക സ്വീകരിച്ചതിന്റെ കൈപ്പറ്റ് വിവരം, പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗസർട്ടിഫിക്കറ്റ് എന്നിവ പഞ്ചായത്ത് നൽകിയതായി കാണുന്നില്ല. ആയത് ഹാജരാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ. 6)

# 1-22 മരുന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

സി.എച്ച്.സി .വെള്ളാനിക്കര മെഡിക്കൽ സൂപ്രണ്ട് നടപ്പാക്കിയ രണ്ടു പ്രോജക്ടുകളിൽ താഴെ ചേർക്കും പ്രകാരം തുകക്ക് തത്തുല്യമായ മരുന്ന് ഇനിയും ലഭ്യമായിട്ടില്ല. മരുന്ന് ലഭിക്കുന്ന മുറക്ക് സ്റ്റോക്കിൽ ചേർത്ത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

എ) പ്രോജക്ട് നമ്പർ. 39/2019

സി.എച്ച്.സി യിലേക്ക് മരുന്ന് , കെമിക്കൽ എന്നിവ വാങ്ങൽ.

ബിൽ നമ്പർ. 09/18-19 തിയ്യതി. 21/05/2018 തുക.2050000

മേൽക്കാണിച്ച തുക കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മരുന്ന വിതരണത്തിനായി നൽകിയിട്ടുണ്ട്. 04/09/2019 വരെയുള്ള ബില്ലുകൾ പരിശോധിച്ചതു പ്രകാരം 1262862 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട്. ബാക്കി 787138 രൂപക്കുള്ള മരുന്നുകൾ ലഭിക്കാനുണ്ട്.

ബി) പ്രോജക്ട് നമ്പർ. 38/2019
പെയിൻ ആന്റ് പാലിയേറ്റീവ് കെയർ

ബിൽ നമ്പർ. 16/18-19 തിയ്യതി. 23/03/2019

ബിൽ തുക. 299336

മേൽ കാണിച്ച ബില്ലിൽ നിന്നും 200000 രൂപ മരുന്ന വാങ്ങുന്നതിനായി മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ഇതിൽ 22714 രൂപയുടെ മരുന്ന് ഇനിയും ലഭിക്കാനുണ്ട്.

## 1-23 പാലിയേറ്റീവ് കെയറിനായി പഞ്ചായത്തുകൾക്ക് കൈമാറിയ ബ്ലോക്ക് വിഹിതത്തിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ , സി എച്ച് സി

ബിൽ നമ്പർ. 6/18-19 തിയ്യതി. 30/06/2018

തുക.750000

പദ്ധതി – പാലിയേറ്റീവ് കെയർ

ബ്ലോക്കിലെ നാല് ഗ്രാമപഞ്ചായത്തുകൾക്ക് പ്രാഥമിക പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി താഴെ ചേർക്കും പ്രകാരം തുക കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക യഥാവിധി വിനിയോഗിച്ചതിനുള്ള വിനിയോഗസാക്ഷ്യപത്രം ഗ്രാമപഞ്ചായത്തുകൾ നൽകിയിട്ടില്ല. സാക്ഷ്യപത്രം ഹാജരാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | പഞ്ചായത്ത് | കൈമാറിയ വിഹിതം |
|---|---|---|
| 1 | നടത്തറ | 200000 |
| 2 | പാണഞ്ചേരി | 150000 |
| 3 | പുത്തൂർ | 200000 |
| 4 | മാടക്കത്തറ | 200000 |
| | ആകെ | 750000 |

## 1-24 എസ്.സി.ഡി.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിദ്യാർത്ഥിനികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് എന്ന പ്രോജക്ടിലെ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നമ്പർ. 33/2019

ബിൽ നമ്പർ. 01/18-19 തിയ്യതി. 30/10/18

തുക. 405000

1) ഈ പദ്ധതിയിൽ ഉൾപ്പെട്ട ഹരിത വി.ബി. എന്ന വിദ്യാർത്ഥിനിക്ക് രാഷ്ട്രീയ സംസ്കൃത സംസ്ഥാൻ ഡീംഡ് യൂണിവേഴ്സിറ്റിയിൽ ബിരുദാനന്തര ബിരുദ കോഴ്സായ ആചാര്യ സെക്കൻഡ് ഇയർ കോഴ്സിന്

പഠിക്കുന്നതിന് 30000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ സമർപ്പിച്ചിരിക്കുന്ന സാക്ഷ്യപത്രം 2017-18 ലേതാണ്. തൻവർഷത്തിലേതെന്ന് ഓതറൈസേഷൻ കൂടാതെ പേന കൊണ്ട് തിരുത്തിയിരിക്കുന്നു. യോഗ്യത തെളിയിക്കുന്ന യഥാർത്ഥ രേഖ ഹാജരാക്കുന്നതു വരെ സബ്സിഡി തുകയായ 30000 രൂപയുടെ ചെലവ് നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. ജിബിത ബാലൻ എ.ബി എന്ന വിദ്യാർത്ഥിനി ഗവ .മെഡിക്കൽ കോളേജിൽ നിന്നുള്ള രണ്ടു വർഷകാലാവധിയുള്ള Diploma in Radiological Technology (DRT) എന്ന കോഴ്സിന്റെ സർട്ടിഫിക്കറ്റാണ് ഹാജരാക്കിയിട്ടുള്ളത്. സ.ഉ.(കൈ) നം.22/18/തസ്വഭവ. തി.14.02.2018 ഖണ്ഡിക 7.2.5 ൽ ഇത്തരമൊരു കോഴ്സിന് നൽകാവുന്ന പരമാവധി ധനസഹായം വർഷത്തിൽ 15000 രൂപയാണ്. എന്നാൽ നൽകിയിട്ടുള്ളത് 20000 രൂപയാണ്. അധിക ധനസഹായം നൽകിയതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് തൃപ്തികരമായി മറുപടി നൽകാൻ നിർവ്വഹണോദ്യോഗസ്ഥന് കഴിഞ്ഞിട്ടില്ല. ഇക്കാരണത്താൽ അധികമായി 5000 രൂപ നൽകിയ നടപടി ഓഡിറ്റിൽ നിരാകരിക്കുന്നു. (ഓഡിറ്റ് അന്വേഷണം നമ്പർ.12/20-12-2019)

# 1-25 എസ്.സി.ഡി.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പഠനമുറി പ്രോജക്ടിലെ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. വിദ്യാർത്ഥികൾക്ക് പഠനമുറി

പ്രോജക്ട് നമ്പർ. 35/2019

വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന ഈ പ്രോജക്ടിലുൾപ്പെടുത്തി ആകെ 1169200 രൂപ തൻവർഷം ചിലവുണ്ട്. ആറു ഗുണഭോക്താക്കൾക്കാണ് ധനസഹായം നൽകിയത്. എന്നാൽ ഒരു ഗുണഭോക്താവ് ഒഴിച്ച് ആരും തന്നെ കെട്ടിടത്തിന്റെ പുതിയ എക്സ്റ്റെൻഷനുള്ള ഗ്രാമപഞ്ചായത്തിന്റെ എൻ.ഒ.സി അപേക്ഷയോടൊപ്പം സമർപ്പിച്ചതായി കാണുന്നില്ല. 2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് നിയമം അധ്യായം രണ്ടിലെ വ്യവസ്ഥയനുസരിച്ച് ഏതൊരു വ്യക്തിയും താൻ താമസിക്കുന്ന ഗ്രാമപഞ്ചായത്തിന്റെ അനുമതി കൂടാതെ കെട്ടിടം നിർമ്മിക്കാനോ, നിലനിൽക്കുന്ന കെട്ടിടത്തിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റം വരുത്താനോ പാടില്ല എന്നിരിക്കെ ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുത്തു തന്ന ഗുണഭോക്താക്കൾക്ക് സർക്കാർ ധനസഹായത്തോടെ നടത്തിയ പ്രവർത്തനത്തിന് പഞ്ചായത്തിന്റെ നിരാക്ഷേപപത്രം ഇല്ലാതെ ധനസഹായം അനുവദിച്ചത് നിയമപ്രകാരമല്ല. ഭാവിയിൽ ഇത്തരം പ്രോജക്ടുകളുടെ നടപ്പാക്കലിന് പഞ്ചായത്തുകൾ നൽകുന്ന നിരാക്ഷേപപത്രം ഉറപ്പു വരുത്തേണ്ടതാണ്.

2. പരിധിയിൽ കവിഞ്ഞ അളവിൽ നിർമ്മിച്ച പഠനമുറിക്ക് ധനസഹായം നൽകിയത് . തുക 200000 രൂപ തടസ്സപ്പെടുത്തുന്നു.

ബിൽ നമ്പർ.BP6/18-19. 28/11/18-60000
ബിൽ നമ്പർ.BP13/18-19. 21/12/18-80000
ബിൽ നമ്പർ.BP29/18-19. 16/03/19-30000
ബിൽ നമ്പർ.BP33/18-19. 25/03/19-30000

കുമാരി അപർണ കെ.എസ്. കിഴക്കം പാട്ടുകര, മുളയം എന്ന ഗുണഭോക്താവിന്റെ പഠനമുറി നിർമ്മാണം നടത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 11.03.2019 തിയ്യതി വച്ച് A7-BA(52466)2009 DT. 06.03.2019 നമ്പർ ഉത്തരവിലൂടെ റഗുലറൈസ് ചെയ്ത് നൽകിയിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം നിലവിലുള്ള സ്ട്രക്ചറിന്റെ 45.48 $m^2$ കൂടെ 22.12 $m^2$ നിർമ്മാണം നടത്തിയതിനാണ് റഗുലൈറൈസ് ചെയ്തിരിക്കുന്നത്. അതായത് 236.68ചതുരശ്ര അടി കെട്ടിടം നിർമ്മിച്ചിട്ടുണ്ട് എന്ന് വ്യക്തമാണ്. മേൽ ഉത്തരവിൽ നിന്ന് വ്യത്യസ്തമായി 236.68 ചതുരശ്ര അടി കെട്ടിടം നിർമ്മിച്ചത് എന്തിന് എന്ന ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. മേൽ പറഞ്ഞ രണ്ടാമത്തെ ഉത്തരവു പ്രകാരം പട്ടികജാതി വികസനവകുപ്പിൽ നിലവിലുണ്ടായിരുന്ന വ്യവസ്ഥയോട് പഠനമുറിയുടെ വിസ്തൃതി ഏകീകരിക്കുകയാണ് ഉണ്ടായതെന്നും വകുപ്പിലെ ഉത്തരവ് പ്രകാരം ഏറ്റവും കുറഞ്ഞ വിസ്തൃതി 120 മീറ്റർ സ്ക്വയർ ആണ് എന്നും മറുപടിയിൽ ചേർത്തിരുന്നു. തുടർന്ന് വകുപ്പിലെ മാനദണ്ഡങ്ങൾ സംബന്ധിച്ച ഉത്തരവ് ഹാജരാക്കാനാവശ്യപ്പെട്ടതിനെ തുടർന്ന് ആയത് ഹാജരാക്കിയിട്ടുണ്ട്. സ .ഉ (സാ ധാ) നം 626/2016 ത സ്വ ഭ വ തി. 15.2.16 പ്രകാരമുള്ള പ്രസ്തുത ഉത്തരവിൽ ഏറ്റവും കുറഞ്ഞ വിസ്തൃതി 120 മീറ്റർ സ്ക്വയർ എന്ന് ചേർത്തിട്ടുണ്ട്. കൂടിയ പരിധി നിശ്ചയിച്ച് കാണുന്നില്ല. ഇക്കാര്യത്തിൽ രണ്ട് ഉത്തരവുകളിലും പ്രകടമായ വൈരുദ്ധ്യമുണ്ട്. ഇത് സർക്കാറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് വ്യക്തത വരുത്തേണ്ടതാണ്. നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിസ്തൃതി ഏറ്റവും കൂടിയത് 120 മീറ്റർ സ്ക്വയർ തന്നെ എന്ന് വിലയിരുത്താനെ ഓഡിറ്റിന് കഴിയൂ.ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നതുവരെ 200000 രൂപയുടെ ചെലവു നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

- •

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 3-1 സബ്ഡിഡി മാർഗ്ഗ രേഖ ലംഘിച്ച് അധികം നൽകിയ തുക 5000 രൂപയുടെ ചിലവ് നടപടി ഓഡിറ്റിൽ നിരാകരിക്കുന്നു.

ബിൽ നമ്പർ. 1/18-19 dt. 30/10/2018 തുക. 405000

നിർവ്വഹണ ഉദ്യോഗസ്ഥൻ : പട്ടികജാതി വികസന ഓഫീസർ

ജിബിത ബാലൻ എ.ബി എന്ന വിദ്യാർത്ഥിനി ഗവ .മെഡിക്കൽ കോളേജിൽ നിന്നുള്ള രണ്ടു വർഷകാലാവധിയുള്ള Diploma in Radiological Technology (DRT) എന്ന കോഴ്സിന്റെ സർട്ടിഫിക്കറ്റാണ് ഹാജരാക്കിയിട്ടുള്ളത്. സ.ഉ.(കൈ) നം.22/18/തസ്വഭവ. തി.14.02.2018 ഖണ്ഡിക 7.2.5 ൽ ഇത്തരമൊരു കോഴ്സിന് നൽകാവുന്ന പരമാവധി ധനസഹായം വർഷത്തിൽ 15000 രൂപയാണ്. എന്നാൽ നൽകിയിട്ടുള്ളത് 20000 രൂപയാണ്. അധിക ധനസഹായം നൽകിയതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് തൃപ്തികരമായി മറുപടി നൽകാൻ നിർവ്വഹണോദ്യോഗസ്ഥന് കഴിഞ്ഞിട്ടില്ല. ഇക്കാരണത്താൽ അധികം തുക നൽകിയ നടപടി ഓഡിറ്റിൽ നിരാകരിക്കുന്നു. (ഓഡിറ്റ് അന്വേഷണം നമ്പർ.12/20-12-2019)

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ലഭ്യമല്ല

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 72000153 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 70480922 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 500000 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 5000 | സുഗുണൻ. സി.ബി, എസ്. സി. ഡി .ഒ |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 270000 | ശ്രീമതി.സൂസമ്മ ഐസക്, സെക്രട്ടറി |
| 1-25 (2) | 200000 | ശ്രീ.സുഗുണൻ സി ബി, എസ്.സി.ഡി.ഒ |
| 1-24 | 30000 | ശ്രീ.സുഗുണൻ സി ബി, എസ്.സി.ഡി.ഒ |
| ആകെ | 500000 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സൂസമ്മ ഐസക്, സെക്രട്ടറി | ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് | വെളിയത്ത് മാരിൻ വീട്, വരാക്കര പി ഒ, തൃശ്ശൂർ ജില്ല |
| ശ്രീ.സുഗുണൻ സി.ബി, എസ്.സി.ഡി.ഒ | ,, | ചിറയത്ത് ഹൗസ്, തൃശ്ശൂർ-680012 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96, 96-97, 97-98 | എൽ.എഫ്.ടി11/535/99/തീ.4.9.99/6.10.99 |
| 1998-99 | എൽ.എഫ്.ടി11/29/2000/തീ.14.6.2000/4.9.2000 |
| 1999-2000 | എൽ.എഫ്.ടി11/1715/18.5.11 |
| 2000-01 | എൽ.എഫ്.ടി11/1606/തീ.13.5.02/3.9.02 |
| 2001- | എൽ.എഫ്.ടി11/114/06/തീ.8.6.06/14.11.06 |

| | |
|---|---|
| 02 | |
| 2002-03 | എൽ.എഫ്.ടി11/115/06/തീ.20.06.06/14.11.06 |
| 2003-04 | എൽ.എഫ്.ടി11/2572/07തീ.31.3.09 |
| 2004-05 | എൽ.എഫ്.ടി11/2573/07/തീ.31.1.09 |
| 2005-06 | എൽ.എഫ്.ടി11/2574/07/തീ31.1.09/4.7.09 |
| 2006-07, 07-08,<br><br>08-09, 09-10, 10-11 | എൽ.എഫ്.ടി (ബി.പി.1367/12/5.2.13/13.6.13 |
| 2011-12 | എൽ.എഫ്.ടി (ബി.പി.)1367/6.6.14/16.7.14 |
| 2012-13 | എൽ.എഫ്.ടി (ബി.പി)1559/14 തീ.5.1.15/12.2.15 |
| 2013-14 | എൽ.എഫ്.ടി.എസ്.ആർ. (ബിപി)328/15/7.7.15/ 13.8.15 |
| 2014-15, 2015-16 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി1)-616/17 തി.26.5.2017/9.6.2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി1)1739/17 തീയതി:5.12.17/12.01.18 |
| 2017-18 | നം.കെ.എസ്.എ.ടി.എസ്.ആർ(ബി.പി1)536/19,തിയ്യതി:12.04.19 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018-ലെ (സാധാ)1413/2018/ ത.സ്വ.ഭ.വ., നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# <u>അനുബന്ധം - 2</u> <u>ഓഡിറ്റ് സംക്ഷിപ്തം</u>

| | |
|---|---|
| | സംക്ഷിപ്തം(AuditedAbstract) |
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| | |

| | |
|---|---|
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ജോയിന്റ് ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ